# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **534** **20.11.2019** ലെ മറുപടിയ്ക്ക്

## പട്ടികജാതിയിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ

| | ചോദ്യം<br><br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീമതി.യു.പ്രതിഭ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.യു.ആർ.പ്രദീപ് | | മറുപടി<br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർദ്ധന പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | എ) | ഉണ്ട്. പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായ തുക 50,000/- രൂപയിൽ നിന്നും 75,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. |
| ബി) | നഴ്സിംഗ് പഠനം പൂർത്തീകരിച്ച ഈ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) | ഉണ്ട്. ജനറൽ നഴ്സിംഗ്, ബി.എസ്.സി നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് താലൂക്ക് ആശുപത്രികളിൽ ഒരാൾക്കും ജില്ലാ/ ജനറൽ ആശുപത്രികളിൽ 3 പേർക്കും പ്രതിമാസം 15,000/- രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ 2 വർഷത്തേയ്ക്ക് നിയമനം നൽകി വരുന്നു. |
| സി) | പട്ടികജാതി കുടുംബത്തിലെ വരുമാനദായകനായ വ്യക്തി മരിച്ചാൽ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ധനസഹായത്തിന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ; | സി) | ഏകവരുമാനദായകൻ മരണപ്പെടുമ്പോൾ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായ തുക 50,000/- രൂപയിൽ നിന്ന് 2,00,000/-(രണ്ട് ലക്ഷം രൂപ) രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പട്ടികജാതിക്കാർക്കുള്ള ചികിത്സാ സഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | ഉണ്ട്. പട്ടികജാതിക്കാർക്കുള്ള ചികിത്സാ സഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ചികിത്സാ ധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനം വഴി നടപ്പാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ